16581
24/10/16

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിൽ 21.08.1996-ന് നടന്ന പുനർലേലം - സർക്കാരിനുണ്ടായ നഷ്ടം - തുക എഴുതിത്തള്ളി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ)നം.394/ 2016/വനം തീയതി, തിരുവനന്തപുരം, 19.10.2016

---

പരാമർശം :- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്സ്, ലാന്റ് &റിസോഴ്സസ്), -ന്റെ 02.07.2015, 24.05.2016 എന്നീ തീയതികളിലെ പ്രൊ (5) 39629/14 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിൽ 21.08.1996-ൽ നടത്തിയ ലേലത്തിൽ ശ്രീ.ഭാസ്കർ, ഡോർ നം.1642, കർക്കന റോഡ്, ഹൻസൂർ-571105 എന്നയാൾ 750 മൂന്നാം തരം തേക്കുകഴകൾ 8,55,750/-രൂപയ്ക്ക് ലേലം കൊള്ളുകയും 20,000/-രൂപ ടിയാൻ ഒടുക്കുകയുമുണ്ടായി. എന്നാൽ ലേലവസ്തുക്കൾ യഥാസമയം നീക്കം ചെയ്യാതിരുന്നതിനാൽ പുനർ ലേലം നടത്തുകയും സർക്കാരിന് 1,97,871/-രൂപ നഷ്ടമുണ്ടാക്കുകയും ചെയ്തു. പുനർലേലം മൂലമുണ്ടായ സർക്കാർ നഷ്ടം ഈടാക്കുന്നതിനായി സൗത്ത് വയനാട് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ കൗണ്ടർ സൈൻ ചെയ്ത ചലാൻ 06.07.98-ന് ടിയാന് അയച്ച് കൊടുത്തുവെങ്കിലും പ്രസ്തുത മേൽവിലാസത്തിൽ ആളെ കണ്ടെത്താനായിട്ടില്ലെന്ന് രേഖപ്പെടുത്തി ആയത് പോസ്റ്റൽ അതോറിറ്റി തിരിച്ചയയ്ക്കുകയും ടിയാനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ജില്ലാ കളക്ടർക്ക് ഫോറം 24 സമർപ്പിച്ചുവെങ്കിലും ടിയാനെ കണ്ടെത്താ-നാകാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ തുടരാൻ നിർവ്വാഹമില്ലെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സംരക്ഷണം) പരാമർശ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ചെതലത്ത് റെയിഞ്ചിൽ 21.08.1996-ന് നടത്തിയ ലേലത്തിൽ സർക്കാരിനുണ്ടായ നഷ്ടം എഴുതി-ത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സംരക്ഷണം) ശുപാർശ ചെയ്തിട്ടുമുണ്ട്.

....... 2)

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ കേസിലെ നീണ്ട 20 വർഷത്തെ കാലപ്പഴക്കം കണക്കിലെടുത്തും, സർക്കാർ നഷ്ടം ഈടാക്കുവാൻ പരമാവധി ശ്രമം നടത്തിയിട്ടും സർക്കാരിന് ലഭിക്കുവാനുള്ള നഷ്ടത്തുക ഈടാക്കുവാൻ കഴിയാത്ത സാഹചര്യത്തിലും, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിൽ 21.08.1996-ൽ നടത്തിയ ലേലത്തിൽ ശ്രീ.ഭാസ്കർ, ഡോർ നം.1642, കർക്കന റോഡ്, ഹുൻസൂർ-571105 എന്നയാൾ മൂലം സർക്കാരിനുണ്ടായ നഷ്ടമായ 1,97,871/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എണ്ണൂറ്റി എഴുപത്തി ഒന്ന് രൂപ മാത്രം) ലേലക്കാരനിൽ നിന്നും ഒരു തരത്തിലും വസൂലാക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ എഴുതിത്തള്ളി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ഗിരിജ കുമാരി.ജി.
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്സ്, ലാന്റ് & റിസോഴ്സസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ)/ആഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (11.08.2016-ലെ അഗ്രി സി2/93/2016/ഫിൻ പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ